(സി) ഇപ്പോൾ പ്രസ്തുത കേസ് ആരാണ് അന്വേഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയുടെ അടിസ്ഥാനത്തിൽ മഞ്ചേരി പോലീസ് സ്റ്റേഷനിൽ 3-10-2004-ാം തീയതി ക്രൈം 650/2004 യു/എസ്. 457, 380, 461 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(സി) പ്രസ്തുത കേസ് മഞ്ചേരി സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു.

(ഡി) പ്രതികളെക്കുറിച്ച് വിവരങ്ങളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ഊർജ്ജിത അന്വേഷണം നടന്നുവരുന്നു.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട വിജിലൻസ് കേസുകൾ

26 [47] *ശ്രീ. പി. എസ്. സുപാൽ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, ഇതിൽ ഓരോ വകുപ്പിൽ നിന്നും ഉണ്ടായിട്ടുള്ള കേസുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകളുടെ അന്വേഷണം പൂർത്തിയായി എന്നും, വിജിലൻസ് രജിസ്റ്റർ ചെയ്ത എത്ര കേസുകളുടെ അന്വേഷണം സർക്കാർ മരവിപ്പിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) എത്ര കേസുകളുടെ അന്വേഷണം സർക്കാർ വേണ്ടെന്നുവച്ചിട്ടുണ്ട്, ഇവ ഏതൊക്കെ കേസുകളാണെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര സർക്കാർ ജീവനക്കാർക്കെതിരെയും എത്ര ജനപ്രതിനിധികൾക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 635 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വകുപ്പുതിരിച്ചുള്ള ലിസ്റ്റ് അന്യത്ര ചേർത്തിരിക്കുന്നു.†

(ബി) & (സി) രജിസ്റ്റർ ചെയ്ത 635 കേസുകളിൽ 257 കേസുകളുടെ അന്വേഷണം പൂർത്തിയായി. എന്നാൽ പൊതുമരാമത്ത് വകുപ്പ് സൈൻ ബോർഡുകൾ വയ്ക്കാൻ കരാർ നൽകിയതു സംബന്ധിച്ച ആരോപണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ് പിൻവലിക്കാനാവില്ല എന്ന വിജിലൻസ് ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 1038 സർക്കാർ ജീവനക്കാർക്കെതിരെയും 88 ജനപ്രതിനിധികൾക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാരെ സന്ദർശിക്കുന്നതിനുള്ള നിയന്ത്രണം

27 [65] *ശ്രീ. എം. വി. ജയരാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിലെ തടവുകാരെ സന്ദർശിക്കുന്നതിന് 30-5-2005 മുതൽ പുതിയ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നിബന്ധന എന്താണെന്നും അവ ആരുടെ നിർദ്ദേശപ്രകാരം ആണെന്നും വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച ഉത്തരവിന്റെയോ നിർദ്ദേശത്തിന്റെയോ കോപ്പി സഭയ്ക്കു മാക്കുമോ;

(ഡി) 4-6-2005-ന് കണ്ണൂർ സെൻട്രൽ ജയിലിലെ ജയിലറോട് ഫോൺ മുഖേന മുൻകൂർ അനുമതി വാങ്ങി തടവുകാരെ കാണാൻ ചെന്ന നിയമസഭാ സാമാജികനും മറ്റ് ജനപ്രതിനിധികൾക്കും സന്ദർശനം നിഷേധിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു സംബന്ധമായ വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) തടവുകാർക്കും സന്ദർശകർക്കും ഒരുപോലെ അസൗകര്യമുണ്ടാക്കുന്ന 30-5-2005-ലെ ഡി.ജി.പി.യുടെ ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly